**അസം മുതൽ ഗുജറാത്ത് വരെ, കർണാടക മുതൽ ഹരിയാന വരെ: ഉത്സവ സീസണിൽ ഫ്ളിപ്കാർട്ട് അതിന്റെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നു**

- 10 ദശലക്ഷം ചതുരശ്ര അടി വിസ്തീർണ്ണവും ഏകദേശം 20 ദശലക്ഷം ക്യുബിക് അടി സംഭരണ സ്ഥലവും ഉൾക്കൊള്ളുന്ന 66 പുതിയ ഫുൾഫിൽമെന്റ്, സോർട്ടേഷൻ കേന്ദ്രങ്ങൾ രാജ്യത്തുടനീളം പുതുതായി ആരംഭിക്കുന്നു

- രാജ്യത്തിന്റെ വിദൂര കോണുകളിലെത്തുന്ന ആയിരത്തിലധികം ഡെലിവറി ഹബ്ബുകൾ ചേർത്തും കിരാനകളുമായുള്ള പങ്കാളിത്തം വിപുലീകരിച്ചും അവസാന മൈൽ ഡെലിവറി ശക്തിപ്പെടുത്തുന്നു.

- 15 ശതമാനം വൈവിധ്യമാർന്ന നിയമനത്തിലൂടെ വിതരണ ശൃംഖലയിലുടനീളം 1,15,000 അധിക സീസണൽ ജോലികൾ സൃഷ്ടിക്കുന്നു

കൊച്ചി : ഉത്സവ സീസണിൽ ദശലക്ഷക്കണക്കിന് ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ലക്ഷക്കണക്കിന് എംഎസ്എംഇകൾക്കും വിൽപ്പനക്കാർക്കും കരകൗശല വിദഗ്ധർക്കും കിരാനകൾക്കും മാർക്കറ്റ് ആക്സസ് നൽകുന്നതിനും ഇന്ത്യയുടെ ആഭ്യന്തര ഇ-കൊമേഴ്സ് മാർക്കറ്റ് പ്ലേസായ ഫ്ളിപ്കാർട്ട് രാജ്യമെമ്പാടുമുള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്തു. ഇതിന്റ ഭാഗമായി അസം, ഛത്തീസ്ഗഡ്, ഗുജറാത്ത്, ഹരിയാന, കർണാടക, മഹാരാഷ്ട്ര, ഒഡീഷ, പഞ്ചാബ്, രാജസ്ഥാൻ, തമിഴ്നാട്, തെലങ്കാന, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലായി ഫ്ളിപ്കാർട്ട് 66 വലിയ തോതിലുള്ള ഫുൾഫിൽമെന്റ്, സോർട്ടേഷൻ കേന്ദ്രങ്ങൾ ആരംഭിച്ചു.

ഇതിനുപുറമെ, രാജ്യത്തുടനീളം ആയിരത്തിലധികം പുതിയ ഡെലിവറി ഹബ്ബുകൾ (ഡിഎച്ച്) കൂട്ടിച്ചേർത്തുകൊണ്ട് ഫ്ളിപ്കാർട്ട് അവസാന മൈൽ പരിധി ശക്തിപ്പെടുത്തി. ബിഗ് ബില്ല്യൺ ദിവസങ്ങളുടെ സങ്കീർണ്ണതയ്ക്കും സ്കെയിലിനും അനുസരിച്ച് ശേഷി, സംഭരണം, തരംതിരിക്കൽ, പാക്കേജിംഗ്, മാനവ വിഭവശേഷി, പരിശീലനം, വിതരണം എന്നിവയിൽ നിക്ഷേപിക്കേണ്ടത് ആവശ്യമാണ്. ഇത് ഉത്സവ സീസണിൽ അധിക തൊഴിൽ സൃഷ്ടിക്കാൻ സഹായിക്കുന്നു. ഫ്ളിപ്കാർട്ട് അതിന്റെ ലാസ്റ്റ്-മൈൽ ഡെലിവറി പാർട്ണർഷിപ്പ് പദ്ധതിയുടെ ഭാഗമായി കിരാനകളുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുകയും ഡിജിറ്റൽ ആവാസവ്യവസ്ഥയുടെ ഭാഗമാകാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു. ഈ വർഷം ഫ്ളിപ്കാർട്ട് 1,15,000 ലധികം ആളുകൾക്ക് നേരിട്ടുള്ള സീസണൽ തൊഴിൽ സൃഷ്ടിക്കുന്നു. അതിൽ 15 ശതമാനം സ്ത്രീകളും വൈകല്യമുള്ളവരുമാണ്.

വിൽപ്പനക്കാർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ മൂല്യവും ആക്സസും നൽകുന്ന ശക്തിയാണ് ഇ-കൊമേഴ്സ്.

*"വിതരണ ശൃംഖലയുടെ അടിസ്ഥാനസൗകര്യങ്ങളും ഡിജിറ്റൽ ആവാസവ്യവസ്ഥയും ലക്ഷക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിരവധി സാധ്യതകൾ പ്രാപ്തമാക്കുകയും പരമ്പരാഗത വെയർഹൗസിൽനിന്ന് വിശ്വസനീയവും സാങ്കേതികവിദ്യ പ്രാപ്തമാക്കിയതുമായ പരിവർത്തനം വാഗ്ദാനം ചെയ്യുന്നതിലൂടെ ലക്ഷക്കണക്കിന് പ്രാദേശിക വിൽപ്പനക്കാർക്കും എംഎസ്എംഇകൾക്കും കിരാനകൾക്കും കർഷകർക്കും സഹായം നൽകുകയും ചെയ്യുന്നു. ഫ്ളിപ്കാർട്ട് ഒരേസമയം ഇന്ത്യയ്ക്കും വ്യവസായത്തിനും സമ്പദ്വ്യവസ്ഥയ്ക്കും*

*സാധ്യതകൾ സൃഷ്ടിക്കുകയും ഞങ്ങളുടെ വിൽപ്പനക്കാർ, കരകൗശല തൊഴിലാളികൾ, നെയ്ത്തുകാർ എന്നിവർക്ക് രാജ്യത്തിന്റെ വിദൂര ഭാഗങ്ങളിലേക്ക് ഡെലിവറികൾ സാധ്യമാക്കാൻ സഹായിക്കുകയും ചെയ്യുന്നു. അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സംരംഭകത്വത്തിന്റെ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിലും കാര്യമായ സ്വാധീനം ചെലുത്താൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്''* -**ഫ്ളിപ്കാർട്ട് ഗ്രൂപ്പ് സിഇഒ കല്യാൺ കൃഷ്ണമൂർത്തി** പറഞ്ഞു.

ഉത്സവ സീസണിൽ രാജ്യമെമ്പാടുമുള്ള ചരക്കുനീക്കത്തിന്റെ തടസ്സമില്ലാത്ത ചലനം ഉറപ്പുവരുത്തുന്നതിനായി വിതരണ ശൃംഖല വർധിപ്പിക്കേണ്ടതുണ്ട്. ഇന്ത്യയിലുടനീളമുള്ള ലക്ഷക്കണക്കിന് വിൽപ്പനക്കാരെ പിന്തുണയ്ക്കാനും അസാധാരണമായ ഉപഭോക്തൃ അനുഭവം നൽകാനും ഇത് സഹായിക്കുന്നു. വിതരണ ശൃംഖല വിപുലീകരിക്കുന്നതിനുള്ള ഫ്ളിപ്കാർട്ടിന്റെ ശ്രമം ഒരേസമയം വിൽപ്പനക്കാരെ സഹായിക്കുകയും രാജ്യമെമ്പാടും ലക്ഷക്കണക്കിന് പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ഫ്ളിപ്കാർട്ട് അതിന്റെ വിതരണ ശൃംഖലയിലുടനീളം ജീവനക്കാരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും മുൻഗണന നൽകുന്നത് തുടരുന്നു. ജീവനക്കാരുടെയും അവരുടെ കുടുംബങ്ങളുടെയും പ്രതിരോധ കുത്തിവയ്പ്പുകൾക്കൊപ്പം കോവിഡ് -19 പ്രതിരോധത്തിന് ഉചിതമായ നടപടികളും സ്വീകരിക്കുന്നു.

**2021 ലെ പ്രധാന വിതരണ ശൃംഖല വിപുലീകരണ ശ്രമങ്ങൾ**

- ഉപഭോക്താക്കൾക്ക് വേഗത്തിലുള്ള ഡെലിവറികൾ ലഭിക്കുന്നതിന് ബ്രാൻഡ് പങ്കാളികളുമായി ചേർന്ന് നൂറിലധികം സൗകര്യങ്ങൾ കൂട്ടിച്ചേർത്തു.

- ഡെലിവറി പങ്കാളികളായി കിരാനകളുടെ ഇതര ഡെലിവറി രീതി ചേർത്ത് 1,00,000 കിരാന പങ്കാളികളുമായി ശക്തിപ്പെടുത്തി.

- പരോക്ഷമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമ്പോൾ വേഗത്തിലുള്ള ഡെലിവറികൾ സാധിക്കുന്നതിന് രാജ്യത്തുടനീളമുള്ള നിരവധി തേർഡ്-പാർട്ടി ലോജിസ്റ്റിക് പങ്കാളികളുമായി പ്രവർത്തിക്കുന്നു.

- മൊബൈലുകൾ, വലിയ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, ഐടി പെരിഫറലുകൾ എന്നിവയ്ക്കായി 8,000 ലധികം പരിശീലനം ലഭിച്ച സേവന സാങ്കേതിക വിദഗ്ധരുമായി ജീവ്സ് വഴി 17,700 പിൻ കോഡുകളിലുടനീളം ഉപഭോക്താക്കൾക്ക് സേവനം നൽകുന്നു.

കഴിഞ്ഞ നിരവധി മാസങ്ങളിൽ, ബിസിനസുകൾ പുനരുജ്ജീവിപ്പിക്കുന്നതിലും വിൽപ്പനക്കാർക്ക് അവരുടെ സാമ്പത്തിക വീണ്ടെടുക്കൽ ശക്തിപ്പെടുത്തുന്നതിലും, ഉപഭോക്താക്കൾക്ക് സുരക്ഷിതമായും ശുചിത്വത്തോടെയും ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിലും പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഇ-കൊമേഴ്സ് പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഉത്സവ സീസണിൽ ഫ്ളിപ്കാർട്ടിൽ നിന്നുള്ള നിക്ഷേപം മുഴുവൻ ആവാസവ്യവസ്ഥയ്ക്കും ഈ ആനുകൂല്യങ്ങൾ വർധിപ്പിക്കും.

## About the Flipkart Group

The Flipkart Group is one of India's leading digital commerce entities and includes group companies Flipkart, Myntra, Flipkart Wholesale, and Cleartrip. The Group is also a majority shareholder in PhonePe, one of the leading Payments Apps in India.

Started in 2007, Flipkart has enabled millions of consumers, sellers, merchants, and small businesses to be a part of India's digital commerce revolution, with a registered customer base of more than 350 million, offering over 150 million products across 80+ categories. Our efforts to democratize commerce in India, drive access and affordability, delight customers, create lakhs of jobs in the ecosystem, and empower generations of entrepreneurs and MSMEs have inspired us to innovate on many industry firsts. Flipkart is known for pioneering services such as Cash on Delivery, No Cost EMI and easy returns – customer-centric innovations have made online shopping more accessible and affordable for millions of Indians. Together with its group companies, Flipkart is committed to transforming commerce in India through technology.

For more information, please contact media@flipkart.com